(സി) സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട് കോച്ച് ഫാക്ടറി, വിഴിഞ്ഞം അന്താരാഷ്ട്ര ഉറമുഖത്തിന് VGF (Viability Gap Funding) തുടങ്ങിയവയ്ക്ക് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നിവേദനങ്ങളിലൂടെ ഉന്നയിച്ച വിവിധ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) വിവിധ തീയതികളിലെ ഡൽഹി സന്ദർശനത്തിനായി നാളിതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു :

2011 സെപ്റ്റംബർ 22, 23	-	1,40,235
2011 നവംബർ 21, 22	-	3,46,186
2012 മാർച്ച് 26, 27	-	58,100
2012 ജൂലൈ 1, 3	-	1,35,075
2013 മാർച്ച് 4, 5	-	1,63,491

3-7-2014, 4-7-2014, 16-10-2014 എന്നീ തീയതികളിലെ മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് യാത്രാബത്തയിനത്തിൽ ഖജനാവിൽ നിന്നും 26,014 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

അന്യ സംസ്ഥാനങ്ങളിലെ സ്വത്തുവിവരം

106 (1973) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യയിലെ ഏതൊക്കെ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമാണ് സംസ്ഥാനത്തിന് ഭൂസ്വത്തുക്കൾ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭൂസ്വത്തുക്കൾ ഓരോന്നും എവിടെയാണെന്നും ആയതിന്റെ വിസ്തീർണ്ണം, മതിപ്പുവില എന്നിവ എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ ഭൂസ്വത്തുക്കളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച പ്രമാണങ്ങൾ സർക്കാരിന്റെ കൈവശമുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ കസ്റ്റോഡിയൻ ആരാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തമിഴ്നാട്, കർണ്ണാടക, ഉത്തർപ്രദേശ്, ന്യൂഡൽഹി.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

ക്രമ നമ്പർ	പേര്	വസ്തുവിന്റെ വിസ്തീർണ്ണം
1.	കേരള ഹൗസ്, ന്യൂഡൽഹി	2.496 ഏക്കർ
2.	ട്രാവൻകൂർ ഹൗസ്, ന്യൂഡൽഹി	8.075 ഏക്കർ
3.	കപൂർത്തല പ്ലോട്ട്, ന്യൂഡൽഹി	4.108 ഏക്കർ
4.	കേരള പവിലിയൻ, പ്രഗതി മൈതാൻ, ന്യൂഡൽഹി	0.40 ഏക്കർ
5.	ഇള്ളോക്ക് ഗാർഡൻ, ചെന്നൈ	8.00 ഏക്കർ
6.	കേരള ഹൗസ്, കന്യാകുമാരി	4.063 ഏക്കർ
7.	കുറ്റാലം കൊട്ടാരം, കുറ്റാലം	56.68 ഏക്കർ
8.	പത്മനാഭപുരം കൊട്ടാരം, കന്യാകുമാരി	വിവരം ശേഖരിച്ചു വരുന്നു.
9.	ടിമ്പർ ഡിപ്പോ, ചെങ്കോട്ട	14.38 ഏക്കർ
10.	ടിമ്പർ ഡിപ്പോ, പൊള്ളാച്ചി	8.62 ഏക്കർ
11.	ടിമ്പർ ഡിപ്പോ, നഞ്ചൻകോട്, കർണ്ണാടക	5.93 ഏക്കർ
12.	സത്രം, വാരണാസി, ഉത്തർപ്രദേശ്	0.175 ഏക്കർ

സ്ഥലത്തിന്റെ മതിപ്പ് വില സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കാത്ത വിഷയങ്ങളുടെ പരിഗണന

107 (1974) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രബഡ്ജറ്റിനുശേഷം മുഖ്യമന്ത്രി ഏതെല്ലാം കേന്ദ്രമന്ത്രിമാരെ നേരിൽക്കണ്ട് ബഡ്ജറ്റിൽ പരിഗണിക്കപ്പെടാതെ പോയ കേരളത്തിന്റെ ആവശ്യങ്ങൾ വീണ്ടും ഉന്നയിക്കുകയുണ്ടായി ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly